# പെരുങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്ത്
# "ആസ്തി വികസനവും സുസ്ഥിര വരുമാനവും"
# ബജറ്റ് 2026-2027

ബഹുമാന്യരേ............

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 പ്രകാരവും, 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട് ചട്ടങ്ങൾ ) 71 പ്രകാരവും തദ്ദേശ സ്വയംഭരണ (എ.എ) വകുപ്പിന്റെ 27.02.2015 ലെ സ.ഉ. നമ്പർ 40/2015 തസ്വഭവ ഉത്തരവ് പ്രകാരവും കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും അക്രുവൽ അടിസ്ഥാനമാക്കിയുള്ള ബജറ്റ് ഓരോ സാമ്പത്തിക വർഷവും അവസാനിക്കുന്നതിന് മുമ്പായി അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കി പഞ്ചായത്തിന്റെ അംഗീകാരം നേടണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു.

ജനാധിപത്യരാജ്യങ്ങളുടെ വികസനത്തിന്റെ മുഖമുദ്രയാണ് ബജറ്റ്. ആസൂത്രിതമായ ബജറ്റും ലക്ഷ്യബോധത്തോടെയുള്ള നിർവ്വഹണവും ഒത്തുചേരുമ്പോൾ സമസ്ത മേഖലകളിലും വികസനം സംഭവിക്കുന്നു. കൃത്യവും വ്യക്തവുമായ സാമ്പത്തിക ആസൂത്രണത്തിലൂടെ മാത്രമേ വികസനം സാധ്യമാകുകയുള്ളൂ. ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഇനിയും മുന്നോട്ട് പോകേണ്ടതുണ്ട്.

കക്ഷി രാഷ്ട്രീയത്തിന്റെ അതിപ്രസരം ഗ്രാമീണ ജനങ്ങളുടെ സ്വപ്നങ്ങൾക്ക് പലപ്പോഴും വിഘാതമാകുന്നു എന്ന് നാം മനസ്സിലാക്കിയിട്ടുണ്ട്. ആശയപരമായ പോരാട്ടങ്ങൾ നടക്കുമ്പോഴും വികസനകാര്യത്തിൽ നമുക്ക് ഒന്നിച്ച് പോകുവാൻ കഴിയേണ്ടതായിട്ടുണ്ട്. എല്ലാ ജനപ്രതിനിധികളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പിന്തുണയോടെ ഇനിയും മുന്നോട്ടുപോകുവാൻ കഴിയുമെന്ന ഉറച്ച വിശ്വാസം ഭരണസമിതിക്ക് ഉണ്ട്. "ആസ്തി വികസനവും സുസ്ഥിര വരുമാനവും" ലക്ഷ്യമാക്കുന്നതോടൊപ്പം ക്ഷേമപ്രവർത്തനങ്ങൾക്കും കാർഷിക മേഖല, പട്ടികജാതി വികസനം, ആരോഗ്യ മേഖല, പശ്ചാത്തല മേഖലയുടെ വികസനം, ദാരിദ്ര്യലഘൂകരണം, കൃഷി, മൃഗസംരക്ഷണം, ഭവന നിർമ്മാണം, മാലിന്യനിർമ്മാർജ്ജനം, ശുചിത്വം, വനിത ശിശുക്ഷേമം, സാമൂഹിക സുരക്ഷ പെൻഷൻ, വിദ്യാഭ്യാസ മേഖല, പട്ടികജാതി വിഭാഗത്തിന്റെ ക്ഷേമ വികസന പ്രവർത്തനങ്ങൾ, തുടങ്ങി സമസ്ത മേഖലകളിലും വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക ഈ ബജറ്റിലൽ വകയിരുത്തുന്നു.

പെരുങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്തിന്റെ പൂർണ്ണമായ വികസനം എന്ന ലക്ഷ്യമിട്ടുകൊണ്ടാണ് അതിന്റെ പൂർണ്ണമായ ഫലപ്രാപ്തിക്ക് അത്മവിശ്വാസവും കഠിനാധ്വാനവും അനിവാര്യമാണ്. ആയതിനാൽ വികസനകാര്യങ്ങളിൽ ഒരു മനസ്സോടെ പ്രവർത്തിച്ചാൽ നമുക്ക് നാടിന്റെയും നാട്ടുകാരുടെയും നന്മക്കായി ഒട്ടനവധി കാര്യങ്ങൾ ചെയ്യാനാകും എന്നത് വിസ്മരിച്ചുകൂടാ.

ഈ ബജറ്റ് അവതരണത്തിനും ബജറ്റ് അനുസരിച്ച് സമഗ്രമായ വികസന പ്രവർത്തനം നടത്തുന്നതിനും നിങ്ങളുടെ എല്ലാവരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ടും ബജറ്റ് അവതരണത്തിനായി വൈസ് പ്രസിഡന്റിനെ ക്ഷണിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. പ്രമോദ്.എ.പി
പ്രസിഡന്റ്
പെരുങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്ത്